നമ്പർ: E8-9664/11.

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 23-5-2012.

സാമൂഹ്യക്ഷേമ ഡയറക്ടർ,
തിരുവനന്തപുരം.

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ,

. . . . . . . . . . . . . . . . . . . . . .

സർ,

വിഷയം: സാമൂഹ്യക്ഷേമ വകുപ്പ്- ജീവനക്കാര്യം- ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത്- സംബന്ധിച്ച്-

സൂചന: 1. ഈ ഓഫീസിലെ 28.2.2011ലെ E8/45698/08 നമ്പർ കത്ത്.
2. 16.3.11-ലെ ഈ ഓഫീസിലെ ഫോൺ സന്ദേശം.

സാമൂഹ്യക്ഷേമ വകുപ്പിലെ ഡ്രൈവർമാരുടെ വിശാദാംശങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വ്യക്തമായ മറുപടി മിക്ക ജില്ലകളിൽ നിന്നും ലഭിക്കാത്തതു കാരണം ഡ്രൈവർമാരുടെ റേഷ്യോ പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ പ്രയാസം നേരിടുന്നു. സർക്കാരിലേയ്ക്ക് വ്യക്തമായ മറുപടി നൽകാൻ കഴിയാത്ത സാഹചര്യവുമുണ്ട്.

ആയതിനാൽ താങ്കളുടെ ജില്ലയിലെ ഡ്രൈവർ തസ്തികകൾ അനുവദിച്ച ഓഫീസുകളിലേയ്ക്ക് ഇതോടൊപ്പം ഉള്ളടക്കം ചെയ്ത പ്രൊഫോർമയുടെ മാതൃക നൽകി ജൂൺ മാസത്തിലെ റിവ്യൂ മീറ്റിംഗിൽ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ജൂൺ 11- ാം തീയ്യതിയ്ക്ക് മുമ്പ് സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിൽ ലഭിക്കത്തക്ക രീതിയിൽ അയച്ചുതരേണ്ടതാണ്. പ്രൊഫോർമയുടെ ഓരോ കോളവും രേഖപ്പെടുത്തിയത് വ്യക്തമായിട്ടാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പ്രൊഫോർമയുടെ അടിയിൽ ക്രമ നമ്പർ 2 മുതൽ 7 വരെ കോളങ്ങളിൽ ആകെ എണ്ണം രേഖപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

സാമൂഹ്യക്ഷേമ ഡയറക്ടർക്കു വേണ്ടി

ഉള്ളടക്കം:- പ്രൊഫോർമ.

DB/2012

# പ്രൊഫോർമ

**ഡ്രൈവർമാരുടെ വിശദവിവരം . . . . . . . . . . . . . . . . . . . . . . . . .ജില്ല.**

| ക്രമ നം. | ഓഫീസിന്റെ പേര് | ഡിപ്പാർട്ട്മെന്റ് വാഹനം ഉണ്ട്/ ഇല്ല | ഡ്രൈവർ സ്ഥിരമായ തസ്തിക ഉണ്ട് / ഇല്ല | സ്ഥിരമായ ഡ്രൈവർ ഉണ്ട് / ഇല്ല | എംപ്ലോയ്മെന്റ് ഡ്രൈവർ ജോലി ചെയ്യുന്നു / ഇല്ല | ദിവസവേതനം ഡ്രൈവർ ജോലി ചെയ്യുന്നു / ഇല്ല | അഭിപ്രായം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |
| ആകെ | | | | | | | |

**ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ**

കുറിപ്പ്:-

കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓടുന്ന വാഹനങ്ങളുടെ വിശദാംശം ഉൾക്കൊള്ളിക്കേണ്ടതില്ല.